"ഭരണ ഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണ) ചട്ടങ്ങൾ 2018 പ്രകാരം ശ്രീ കെ ആർ രവി നല്ലിയ റിവ്യൂ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = ====================

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(സാധാ)നം.1949/2020/തസ്വഭവ തിരുവനന്തപുരം, തീയതി:19/10/2020

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = ====================

പരാമർശം:

1. പത്തനംതിട്ട ജില്ലയിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള കമ്മിറ്റിയുടെ 27.08.2019 ലെ TCPPTA/450/2019-C നമ്പർ നടപടിക്രമം
2. ശ്രീ കെ ആർ രവിയുടെ 19.11.2019 ലെ അപേക്ഷ
3. പത്തനംതിട്ട നഗരാസൂത്രകന്റെ 31.01.2020 ലെ TCPPTA/07/2020-C നമ്പർ കത്ത്
4. ചീഫ് ടൗൺ പ്ലാനറുടെ 22.08.2020 ലെ TCPCTP 2878/2019-C3 നമ്പർ കത്ത്

**ഉത്തരവ്**

(1) കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണ) ചട്ടങ്ങൾ 2018- ലെ ചട്ടങ്ങൾക്ക് വിധേയമായി ശ്രീ. കെ.ആർ.രവി. കാലായിൽ വീട, കവിയൂർ പി.ഒ. പത്തനംതിട്ട എന്നയാൾ നല്ലിയ അപേക്ഷയിന്മേൽ പരാമർശം (1) പ്രകാരം തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ നിബന്ധന (2) ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.ആർ.രവി പരാമർശം (2) പ്രകാരം മുഖ്യ നഗരാസൂത്രകന് അപേക്ഷ നല്ലി.

(2) ശ്രീ. കെ.ആർ.രവിയുടെ അപേക്ഷയിന്മേൽ പരാമർശം (3) പ്രകാരം പത്തനംതിട്ട ജില്ലാ നഗരാസൂത്രകൻ മുഖ്യ നഗരാസൂത്രകന് റിപ്പോർട്ട് നല്ലി. പ്രസ്തുത റിപ്പോർട്ടിൽ പരാമർശം (1) ലെ നിബന്ധന (2) - 'അതിർത്തിയോട് ചേർന്ന് നിർമ്മാണം നടത്തിയ അപേക്ഷകന്റെ പടിഞ്ഞാറു വശത്തുള്ള സ്ഥല ഉടമയുടെ സമ്മതപത്രം വാങ്ങണം' എന്നത്, നിലവിലുള്ള കെട്ടിടത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള പ്ലോട്ടുമായി കെട്ടിടത്തിന്റെ മുൻവശം 20 സെന്റീമീറ്ററും പുറകുവശം 12 സെന്റീമീറ്ററും ദൂരപരിധി ഉള്ളതിനാലാണ് നല്ലിയിട്ടുള്ളതെന്നും പടിഞ്ഞാറു വശത്തുള്ള പ്ലോട്ട് കെട്ടിടം നിൽക്കുന്ന പ്ലോട്ടിനെക്കാൾ 3 മീറ്റർ ഉയരത്തിലായതിനാലും അപേക്ഷകന്റെ പ്ലോട്ടിനടുത്ത് മറ്റുവാസഗൃഹങ്ങൾ ഇല്ലാത്തതിനാലും ഇത് ഒഴിവാക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു. ഇക്കാര്യങ്ങളെല്ലാം മുഖ്യ നഗരാസൂത്രകൻ പരാമർശം (4) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല സമിതിയുടെ തീരുമാനത്തിന്മേൽ ആക്ഷേപമുള്ള പക്ഷം കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണ) ചട്ടങ്ങൾ 2018- ലെ ചട്ടം 10 പ്രകാരം അപേക്ഷകൻ സർക്കാരിന് നേരിട്ടാണ് റിവ്യൂ അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ കോവിഡ് -19 വ്യാപകമാകുന്ന പശ്ചാത്തലത്തിൽ അപേക്ഷകൻ സൂചന (2) പ്രകാരം നല്ലിയ അപേക്ഷ സർക്കാരിന് നല്ലിയ റിവ്യൂ അപേക്ഷയായി പരിഗണിച്ച് പത്തനംതിട്ട ജില്ലാ നഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെ നടപടിക്രമത്തിലെ ശിപാർശ (2) 'അതിർത്തിയോട് ചേർന്ന് നിർമ്മാണം നടത്തിയ അപേക്ഷകന്റെ പടിഞ്ഞാറു വശത്തുള്ള സ്ഥല ഉടമയുടെ സമ്മതപത്രം വാങ്ങണം' എന്ന നിബന്ധന ഒഴിവാക്കി ടി നിർമ്മിതി ക്രമപ്പെടുത്തി നല്കുന്നതിന് കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നല്ലി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം(1) ലെ മറ്റ് വ്യവസ്ഥകളും തീരുമാനങ്ങളും നിർദ്ദേശങ്ങളും അതേപടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സജ്ജുകുമാർ എൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ് :-

1. ശ്രീ കെ ആർ രവി, കാലായിൽ വീട്, കവിയൂർ പി ഒ, പത്തനംതിട്ട.

2. ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം
3. നഗരാസൂത്രകൻ, പത്തനംതിട്ട
4. സെക്രട്ടറി, കവിയൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ